M-188

# അച്ചൻകോവിൽ ഡിവിഷൻ

## ഇ-ലേല പരസ്യം

**എഫ്.ഡി.എ-1759/2016** **20 മേയ് 2023**

അച്ചൻകോവിൽ വനവികാസ ഏജൻസിയിലെ അച്ചൻകോവിൽ റെയിഞ്ചിന്റെ അധികാര പരിധിയിലുള്ള കുംഭാവുരുട്ടി ഇക്കോ ടൂറിസം കേന്ദ്രത്തിൽ ഉടമ്പടി തീയതി മുതൽ **31.03.2024** വരെയുള്ള സീസൺ കാലയളവിൽ കാന്റീൻ (ഭക്ഷണ ശാല) നടത്തിപ്പിക്കുന്നതിനുള്ള അവകാശം M/s MSTC Ltd. മുഖേന, ടി സ്ഥാപനം ഇതുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ചിട്ടുള്ള നിബന്ധനകൾക്കും ഇതര വ്യവസ്ഥകൾക്കും, കൂടാതെ വനം വകുപ്പിൽ നിലവിലുള്ള ഇതര ലേല വ്യവസ്ഥകൾക്കും, ഇതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾക്കും വിധേയമായി **2023 ജൂൺ മാസം 5-ാം തീയതി** ഇ-ലേലം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ / സ്ഥാപനങ്ങൾ M/s.MSTC Ltd. എന്ന സ്ഥാപനത്തിന്റെ ഓൺലൈൻ സൈറ്റിൽ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്. കൂടാതെ താഴെ പട്ടികയിൽ കാണിച്ചിരിക്കുന്ന നിരതദ്രവ്യം ഡിവിഷണൽ ഫോറസ്റ്റാഫീസർ, അച്ചൻകോവിലിന്റെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായോ, ഇ-ട്രഷറി സംവിധാനം വഴിയോ ഒടുക്കി ലേല ദിവസത്തിന് തൊട്ടുമുൻപത്തെ ദിവസം അഞ്ച് മണിയ്ക്ക് മുമ്പായി ഈ കാര്യാലയത്തിൽ ഹാജരാക്കേണ്ടതാണ്.

**പട്ടിക**

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | നിരതദ്രവ്യം | കരാർ കാലാവധി |
|---|---|---|---|
| 1 | കുംഭാവുരുട്ടി ഇക്കോ ടൂറിസം കേന്ദ്രത്തിൽ കാന്റീൻ നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്ത് നൽകൽ. | 20,000/-രൂപ | ഉടമ്പടി തീയതി മുതൽ **31.03.2024** വരെ |

വിയജിയാകുന്ന ഇ-ലേലക്കാരൻ ലേലത്തുകയുടെ 35% തുക ലേല ദിവസംതന്നെ ഇ-പേയ്മെന്റ് ഒടുക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയതി മുതൽ 7 ദിവസത്തിനകം ബാക്കി ലേലതുകയും ലേലത്തുകയുടെ 10% സെക്യൂരിറ്റിയും, 18% ജി.എസ്.റ്റി-യും, 2.5% വരുമാന നികുതിയും ഒടുക്കി ലേലതുയുടെ 0.1% തുകയ്ക്കുള്ള മുദ്രപ്പത്രത്തിൽ ഡിവിഷണൽ ഫോറസ്റ്റാഫീസറുമാടി ഉടമ്പടിയിൽ വയ്ക്കേണ്ടതാണ്. സമിതിയിലേക്ക് അടയ്ക്കേണ്ട തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ ഉടമ്പടി റദ്ദ് ചെയ്യുന്നതും, നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും വീഴ്ചക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ തുടർന്ന് കാന്റീൻ നടത്തുന്നതിനുള്ള അവകാശം പുനർലേലം ചെയ്യുകയും അപ്രകാരം

ചെയ്യുമ്പോൾ ഡിപ്പാർട്ട്മെന്റിനുണ്ടാകുന്ന നഷ്ടം റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുന്നതുമാണ്.

അപ്രതീക്ഷിത സാഹചര്യത്തിലുള്ള അവധി പ്രഖ്യാപനം മൂലമോ ലേലത്തിൽ ആരും പങ്കെടുക്കാതെയോ വന്നാൽ ടി ലേലം **20.06.2023, 30.06.2023** എന്നീ തീയതികളിൽ നടത്തുന്നതായിരിക്കും. വിശദവിവരങ്ങൾക്ക് www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. കൂടാതെ 9400118353, 0471-2529137 എന്നീ നമ്പറുകളിലും ബന്ധപ്പെടാവുന്നതാണ്.

## നിബന്ധനകൾ

1. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അവരുടെ സ്ഥിരമായ മേൽ വിലാസവും കൈയൊപ്പും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജ് ആഫീസറിൽ നിന്നും വാങ്ങി ഇ-ലേലത്തിന് നിരതദ്രവ്യം കെട്ടിവയ്ക്കുന്നതിന് മുമ്പായി ഹാജരാക്കേണ്ടതാണ്.

2. നിയമാനുസൃത തിരിച്ചറിയൽ കാർഡോ, സർട്ടിഫിക്കറ്റോ, ഫുഡ് സേഫ്റ്റി ലൈസൻസോ/ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ (FSSAI Registerad Licence) ഇല്ലാത്തവരെ യാതൊരു കാരണവശാലും ഇ-ലേലത്തിൽ ഉൾപ്പെടുത്തുന്നതല്ല.

3. നിരതദ്രവ്യം ഡിവിഷണൽ ഫോറസ്റ്റാഫീസർ, അച്ചൻകോവിലിന്റെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായോ ഇ-ട്രഷറി സംവിധാനം വഴിയോ ഒടുക്കി ഇ-ലേല ദിവസത്തിന് തൊട്ടുമുൻപത്തെ ദിവസം വൈകിട്ട് 5 മണിയ്ക്ക് മുമ്പായി ഈ കാര്യാലയത്തിൽ ഹാജരാക്കേണ്ടതാണ്. നിരതദ്രവ്യം പണമായി സ്വീകരിക്കുന്നതല്ല.

4. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ഇ-ലേലപ്രമാണങ്ങൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

5. കാന്റീൻ നടത്തുന്നതിനാവശ്യമായ എല്ലാ ലൈസൻസുകളും അച്ചൻകോവിൽ റെയിഞ്ച് ഫോറസ്റ്റാഫീസറെ യഥാസമയം കാണിച്ച് ബോധ്യപ്പെടുത്തേണ്ടതാണ്.

6. കാന്റീനിന്റെ ദൈനംദിനപ്രവർത്തനങ്ങൾ തൃപ്തികരമല്ലായെന്ന് ബോധ്യപ്പെടുകയോ കരാർ വ്യവസ്ഥകളിൽ ഏതെങ്കിലും ലംഘിച്ചതായി ശ്രദ്ധയിൽപ്പെടുകയോ ചെയ്താൽ കരാർ റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള മേൽ നടപടികൾ സ്വീകരിക്കുവാൻ അച്ചൻകോവിൽ വനവികാസ ഏജൻസിയുടെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

7. വില വിവരപ്പട്ടികയിൽ ഭക്ഷണപദാർത്ഥങ്ങളുടെ വിലയും തൂക്കവും വ്യക്തമായി എഴുതി പ്രദർശിപ്പിക്കേണ്ടതാണ് അംഗീകരിച്ച പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്ത ഇനങ്ങളുടെ വില നിശ്ചയിച്ച് വിതരണം ചെയ്യുവാൻ അച്ചൻകോവിൽ വനവികാസ ഏജൻസിയുടെ ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്.

8. ഉടമ്പടി കാലയളവിൽ വിലവിവരപ്പട്ടികയിൽ മാറ്റം അനുവദിക്കുന്നതല്ല.

9. ടി കാന്റീനിലും പരിസര പ്രദേശങ്ങളിലും വന നിയമങ്ങൾക്ക് വിരുദ്ധമായോ പൊതുജനങ്ങളുടെ ജീവനും സുരക്ഷയ്ക്കും ഭീക്ഷണിയാകുന്ന തരത്തിലുള്ള നിയമ വിരുദ്ധ പ്രവർത്തനങ്ങളോ നടത്താൻ പാടില്ലാത്തതാണ്.

10. കരാർ കാലയളവിൽ ടി കാന്റീനിൽ ആവശ്യമായ പരിശോധനകൾ നടത്തുന്നതിന് ബീറ്റ് ഫോറസ്റ്റാഫീസർ മുതലുള്ള ആഫീസർമാർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

11. കരാർ കാലയളവിൽ കാന്റീൻ പ്രവർത്തിപ്പിക്കുന്നതിലൂടെ വനം വകുപ്പിനോ സർക്കാരിനോ ഏതെങ്കിലും തരത്തിലുള്ള നാശ നഷ്ടങ്ങളോ സാമ്പത്തിക നഷ്ടങ്ങളോ ഇതര ബാധ്യതകളോ ഉണ്ടാകുന്ന പക്ഷം ആയവ കരാറുകാരനിൽ നിന്നും നിയമാനുസൃതമുള്ള മാർഗ്ഗങ്ങളിലൂടെ വസൂലാക്കുന്നതാണ്.

12. കാന്റീൻ ജീവനക്കാർ വനംവകുപ്പ് നിർദ്ദേശിക്കുന്ന യൂണിഫോം, നെയിംസ്ളിപ്പ് എന്നിവ കർശനമായും ധരിക്കേണ്ടതാണ്. ഇത് കാന്റീൻ ഉടമ്പടിക്കാരന്റെ ചിലവിൽ ഏർപ്പാടാക്കേണ്ടതാണ്. കൂടാതെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (Medical Fitness Certificate for Food Handlers) ഉണ്ടായിരിക്കേണ്ടതാണ്.

13. പാചക ആവശ്യത്തിന് ഇന്ധനമായി പാചകവാതകം (എൽ.പി.ജി) മാത്രം ഉപയോഗിക്കേണ്ടതാണ്.

14. പാചകം ചെയ്ത ആഹാര പദാർത്ഥങ്ങൾ ശുചിത്വം ഉറപ്പാക്കി വിളമ്പി നൽകേണ്ടതാണ്. കൂടാതെ ഊണ് മേശ തുടച്ച് വൃത്തിയാക്കുന്നയാൾക്കാർ യാതൊരു കാരണവശാലും ആഹാര പദാർത്ഥങ്ങൾ വിളമ്പാൻ പാടുള്ളതല്ല. ആഹാര പദാർത്ഥങ്ങൾക്കും പായ്ക്ക് ചെയ്തുനൽകപ്പെടുന്ന ഉൽപ്പന്നങ്ങൾക്കും ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ (FSSAI) അംഗീകാരം ഉറപ്പ് വരുത്തേണ്ടതാണ്.

15. കാന്റീൻ പ്രവർത്തന സമയം പ്രവർത്തി ദിവസങ്ങളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 6 മണി വരെ ആയിരിക്കും. രാത്രികാലങ്ങളിൽ കാന്റീനിൽ താമസിക്കുന്നവരുടെ പേരുവിവരം മണലാർ-കുംഭാവുരുട്ടി ചാർജ്ജ് ഓഫീസറെ എഴുതി അറിയിച്ച് അനുവാദം വാങ്ങിയിരിക്കേണ്ടതും ഇപ്രകാരം താമസിക്കുന്നവർ വന നിയമങ്ങളും, മാന്യമായ പെരുമാറ്റച്ചട്ടങ്ങളും പാലിക്കേണ്ടതുമാണ്.

16. ടി കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന കാന്റീനിൽ ഒരു വിധത്തിലുമുള്ള ലഹരി പദാർത്ഥങ്ങളോ നിയമ വിരുദ്ധ ഉൽപ്പന്നങ്ങളോ വിൽപ്പന നടത്തുവാൻ പാടില്ലാത്തതാണ്.

17. ടി കാന്റീനിൽ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. അതോടൊപ്പം കാന്റീൻ പ്രവർത്തിക്കുന്ന കെട്ടിടവും പരിസരവും ശുചിയായി സൂക്ഷിക്കേണ്ടതും പ്ലാസ്റ്റിക് മുക്ത മേഖലയായി സംരക്ഷിക്കേണ്ടതുമാണ്.

18. കാന്റീൻ നടത്തിപ്പുകാരൻ വിനോദ സഞ്ചാരികളോടും പൊതുജനങ്ങളോടും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരോടും മാതൃകാപരമായി പെരുമാറുകയും പൊതുജനഹിതം മാനിച്ചുകൊണ്ട് കാന്റീൻ നടത്തേണ്ടതുമാണ്.

19. പ്രകൃതിക്ഷോഭമോ നടത്തിപ്പുകാരന്റെ ഭാഗത്തുനിന്നുമുള്ള വീഴ്ചയോ അല്ലാത്ത കാരണത്താൽ കാന്റീനിന്റെ പ്രവർത്തനം തടസ്സപ്പെടുന്ന പക്ഷം ഉചിതമായ നഷ്ട പരിഹാരം വിലയിരുത്തി ഇക്കോ ടൂറിസം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അവതരിപ്പിച്ച് പാസ്സാക്കിയ മിനിട്സ് സഹിതം ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്ക് ഇതിന്മേൽ ഉചിതമായ തീരുമാനം കൈകൊള്ളാൻ അധികാരമുണ്ടായിരിക്കും.

20. ഈ വിജ്ഞാപന തീയതിക്ക് ശേഷം ടി ഇ-ലേലവുമായി ബന്ധപ്പെട്ട് വനം വകുപ്പോ സർക്കാരോ പുറപ്പെടുവിക്കുന്ന എല്ലാവിധത്തിലുമുള്ള വ്യവസ്ഥകളും മാനദണ്ഡങ്ങളും അനുബന്ധ നടപടിക്രമങ്ങളും ടി ഇ-ലേലത്തിന് ബാധകമായിരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റാഫീസിൽ നിന്നോ (ഫോൺ-0475-2342315) അച്ചൻകോവിൽ റെയിഞ്ച് ഫോറസ്റ്റാഫീസിൽ നിന്നോ (ഫോൺ-0475-2342530) പ്രവർത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

**സുനിൽ സഹദേവൻ**
ചീഫ് എക്സിക്യൂട്ടീവ് ആഫീസർ &
ഡിവിഷണൽ ഫോറസ്റ്റാഫീസർ
അച്ചൻകോവിൽ
(ബഹു.കേരള ഗവർണ്ണർക്കുവേണ്ടി)

അച്ചൻകോവിൽ
20.05.2022

# കേരള വനം വന്യജീവി വകുപ്പ്
## അച്ചൻകോവിൽ ഡിവിഷൻ

**വിൻഡോ നമ്പർ : എഫ്.ഡി.എ-1759/2016**

## ഇ-ലേലപ്പരസ്യം

ചീഫ് എക്സിക്യൂട്ടീവ് ആഫീസർ & ഡിവിഷണൽ ഫോറസ്റ്റാഫീസർ, അച്ചൻകോവിൽ ഫോറസ്റ്റ് ഡിവിഷൻ, അച്ചൻകോവിൽ പി.ഒ. കൊല്ലം - 689696

അച്ചൻകോവിൽ റെയിഞ്ചിന്റെ അധികാര പരിധിയിലുള്ള കുംഭാവുരുട്ടി ഇക്കോടൂറിസം കേന്ദ്രത്തിൽ ഭക്ഷണശാല നടത്തുന്നതിനുള്ള അവകാശം നൽകുന്നതിനുള്ള ഇ-ലേലപരസ്യം.

**പട്ടിക**

| | | |
|---|---|---|
| നിരതദ്രവ്യം | : | ₹ 20,000/- |
| ഇ-ലേലം നടക്കുന്ന വെബ്സൈറ്റ് | : | www.mstcecommerce.com |
| ഇ-ലേലം നടത്തുന്ന തീയതിയും സമയവും | : | 05.06.2023 ഉച്ചക്ക് 1.30 മുതൽ |
| ഇ-ലേലം നടത്തുന്ന പകരം തീയതിയും സമയവും | : | 20.06.2023, 30.06.2023 ഉച്ചക്ക് 1.30 മണിക്ക് |

കൂടുതൽ വിവരങ്ങൾ എം.എസ്.റ്റി.സി. ലിമിറ്റഡിന്റെ www.mstcecommerce.com എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. കൂടാതെ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ കാര്യാലയത്തിൽ നിന്നോ, അച്ചൻകോവിൽ റെയിഞ്ച് ഫോറസ്റ്റാഫീസർമാരുടെ കാര്യാലയങ്ങളിൽ നിന്നോ പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

**ഡിവിഷണൽ ഫോറസ്റ്റാഫീസ്, അച്ചൻകോവിൽ - 0475-2342315**

**റെയിഞ്ച് ഫോറസ്റ്റാഫീസ്, അച്ചൻകോവിൽ - 0475-2342530**

**സുനിൽ സ്ഹദേവൻ**
ചീഫ് എക്സിക്യൂട്ടീവ് ആഫീസർ &
ഡിവിഷണൽ ഫോറസ്റ്റാഫീസർ
അച്ചൻകോവിൽ
(ബഹു.കേരള ഗവർണ്ണർക്കുവേണ്ടി)

അച്ചൻകോവിൽ.
20.05.2023